പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.591 28.02.2017 ൽ മറുപടിയ്ക്ക്

## സ്പോർട്സ് കൗൺസിൽ പദ്ധതികൾ

ചോദ്യം. ഉത്തരം

ശ്രീ. കെ.ദാസൻ

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സ്പോർട്സ് കൗൺസിൽ സഹായത്തോടെ പൊതുവിദ്യാലയങ്ങൾ, കലാലയങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നീന്തൽ കുളങ്ങൾ, സ്പോർട്സ് കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | എ) | സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പൊതുവിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് എൽ.കെ.ജി ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കായികക്ഷമത ഉണ്ടാക്കുവാനുള്ള പദ്ധതിയും, 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കായികക്ഷമത പരിശോധനയും നടപ്പിലാക്കുന്നതിനുള്ള പദ്ധതികളും തയ്യാറാക്കി വരുന്നു. കൂടാതെ കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിയ്ക്കുന്നതിന് വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതു പോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിയ്ക്കുന്നതിന് വേണ്ടി "കായികക്ഷമത മിഷൻ" ആരംഭിയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. 08.07.2016 ൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് കായിക വികസനത്തിനായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും, തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും 14 |

| | | | |
|---|---|---|---|
| | | | ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ (KIIFB) നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6 സ്റ്റേഡിയം സ്പോർട്സ് കോംപ്ലക്സ്, 18 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ/കളിസ്ഥലങ്ങൾ, 6 സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| ബി) | കോഴിക്കോട് ജില്ലയിൽ എവിടെയെങ്കിലും സ്പോർട്സ് കൗൺസിലിന്റെ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | ബി) | കോഴിക്കോട് ജില്ലയിലെ ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം സ്പോർട്സ് കൗൺസിലിന്റെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ